## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 13.09.2023 മുതൽ 17.09.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 37/2023 (73) ചൊവ്വാഴ്ച | തീയ്യതി 12/09/2023 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 13.09.2023 | 14.09.2023 | 15.09.2023 | 16.09.2023 | 17.09.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 5 | 2 | 1 | 2 | 5 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 93 | 95 | 88 | 96 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 74 | 72 | 75 | 72 | 78 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 270 | 270 | 290 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത. കേരളത്തിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലിന് സാധ്യതയുണ്ട്.

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ: കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | നെല്ലി കോഴി | നെല്ലിക്കോഴിയുടെ ആക്രമണം ചെറുക്കുന്നതിനുള്ള മാർഗങ്ങൾ അവലംബിക്കേണ്ടതാണ്. വലകൾ, റിഫ്ലക്റ്റീവ് റിബണുകൾ എന്നിവ ഉപയോഗിച്ചും നെൽച്ചെടിയുടെ മുകളിലായി കയറുകൾ നിശ്ചിത അകലത്തിൽ സമാന്തരമായി കെട്ടുന്നതും നീലക്കോഴികളെ ഒരു പരിധി വരെ അകറ്റി നിർത്താൻ സഹായിക്കുന്നു. |
| നെല്ല് (വിരിപ്പ്) | ബാക്ടീരിയൽ വാട്ടം | പ്രതിരോധ മാർഗമെന്നോണം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മരചീനി | വേര് ചീയൽ | കൃഷിയിട ശുചീകരണം; വിളപരിക്രമണം; നീർവാർച്ച ക്രമീകരിക്കുക; ചെടിയൊന്നിന് 150-250 ഗ്രാം കുമ്മായം ചേർക്കുക; രോഗമില്ലാത്ത കമ്പ് മാത്രം നാടാൻ ഉപയോഗിക്കുക; ചെടിയൊന്നിന് 20 ഗ്രാം വേപ്പിൻ പിണ്ണാക്ക് ഇടുക; 1 കി. ഗ്രാം. ട്രൈക്കോഡെർമ്മ സമ്പുഷ്ട ചാണകം നൽകുക; നടീൽ വസ്തു 0.1 % കാർബെൻഡാസിം അല്ലെങ്കിൽ കാർബെൻഡാസിം-മാങ്കോസെബ് കുമിൾനാശിനി മിശ്രിതത്തിൽ (0.2%) 10 മിനിറ്റ് മുക്കി വച്ച ശേഷം നടുക; അതോടൊപ്പം ഇതേ കുമിൾനാശിനികളിൽ ഏതെങ്കിലും നടീൽ സമയം മുതൽ 15 ദിവസ ഇടവേളകളിൽ 3 പ്രാവശ്യം തളിച്ച് കൊടുക്കുക. |
| വിവിധ വിളകളിൽ | വലിയ ആഫ്രിക്കൻ ഒച്ച് | വീര്യംകുറഞ്ഞ തുരിശ് ലായനി (3 ഗ്രാം / ലി.) / കോപ്പർ ഓക്സിക്ലോറൈഡ് (3 ഗ്രാം / ലി.) / പുകയിലകഷായവും തുരിശും ചേർന്ന മിശ്രിതം തളിച്ച്കൊടുക്കാം. വിളകൾക്ക്ചു ചുറ്റും കുറഞ്ഞ എണ്ണം ഒച്ചുകൾ മാത്രമേ ഉള്ളു എങ്കിൽ ബ്ലീച്ചിങ്പൌഡർ/തുരിശ് കടക്ക ചുറ്റും ഇട്ടു കൊടുക്കാം. പപ്പായ ഇലകൾ / കാബ്ബജ് ഇലകൾ എന്നിവ നനഞ്ഞ ചണച്ചാക്ക കൊണ്ട്മൂടി (കെണി) ഒച്ചുകളെ ആകർഷിച്ചു പിറ്റേന്ന് രാവിലെ ഉപ്പുവെള്ളം ഉപയോഗിച്ച്കെണിയിലായ ഒച്ചുകളെ നശിപ്പിക്കാവുന്നതാണ്. മരങ്ങളുടെ കടഭാഗത്തെ കേടായതൊലി നീക്കിയശേഷം കാർബോസൾഫാൻ 0.25% / 10% ബോർഡോകുഴമ്പ്തേച്ചുകൊടുക്കാവുന്നതാണ്. |